# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 137 — 30.09.2011 ൽ മറുപടിയ്ക്ക്

### ബാങ്കിംഗ് നിയന്ത്രണ നിയമ ഭേദഗതിയും സഹകരണ ബാങ്കുകളുടെ പ്രവർത്തനവും

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. സി. കൃഷ്ണൻ<br>ശ്രീ. സി. കെ. സദാശിവൻ<br>ശ്രീ. കെ. വി. അബ്ദുൾഖാദർ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) ബാങ്കിങ്ങ് നിയന്ത്രണ നിയമത്തിന് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭേദഗതി ജില്ലാ സഹകരണ ബാങ്കുകളുടേയും അർബൻ സഹകരണ ബാങ്കുകളുടെയും പ്രവർത്തനത്തെ ഏതെല്ലാം നിലയിൽ പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) നിർദ്ദിഷ്ട ബാങ്കിംഗ് നിയന്ത്രണ നിയമ ഭേദഗതി ജില്ലാ സഹകരണ ബാങ്കുകളുടെയും, അർബൻ സഹകരണ ബാങ്കുകളുടെയും, നിലവിലുള്ള സ്ഥിതിയെ പ്രതികൂലമായി ബാധിക്കാൻ സാദ്ധ്യതയുണ്ട്. ബാങ്കുകൾ നിയമപരമായി സൂക്ഷിക്കേണ്ട സി.ആർ.ആർ./എസ്.എൽ.ആർ. കരുതലുകൾ വാണിജ്യ ബാങ്കുകൾക്ക് സമാനമാക്കുക വഴി റിസർവ്വ് ബാങ്ക് കാലാകാലങ്ങളിൽ നിർദ്ദേശിക്കുന്ന തരത്തിൽ സഹകരണ ബാങ്കുകളും ഇവ സൂക്ഷിക്കാൻ ബാദ്ധ്യസ്ഥരാകുന്നു. ഇത് വായ്പ നൽകാനുള്ള പണത്തിന്റെ ലഭ്യത കുറയുന്നതിനും സഹകരണ ബാങ്കുകളുടെ വായ്പ വിതരണത്തെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നതാണ്. ഇത് ബാങ്കുകളുടെ ലാഭക്ഷമതയേയും ബാധിക്കുന്നതാണ്. സംസ്ഥാനത്തെ ജില്ലാ സഹകരണ ബാങ്കുകളുടെ നിക്ഷേപ ബാക്കിനിൽപ്പിൽ ഏറിയ പങ്കും പ്രാഥമിക സംഘങ്ങളുടെ നിക്ഷേപമാണ്. നിർദ്ദിഷ്ട നിയമഭേദഗതി ബാങ്കിംഗ് ഇടപാടുകൾ നടത്തുന്ന സഹകരണ സ്ഥാപനങ്ങൾക്കും റിസർവ് ബാങ്ക് ലൈസൻസ് നിർബന്ധമാക്കിയ സാഹചര്യത്തിൽ |

ആയത് പ്രാഥമിക വായ്പ സഹകരണ സംഘങ്ങളുടെ പ്രവർത്തനത്തെയും നിക്ഷേപത്തേയും സാരമായി ബാധിക്കുകയും അതു വഴി ജില്ലാ സഹകരണ ബാങ്കുകളുടെ സാമ്പത്തിക ശേഷിയേയും പ്രതികൂലമായി ബാധിക്കാൻ സാധ്യതയുണ്ട്.

(ബി) ബാങ്കുകളുടെ കരുതൽ അനുപാതവും സ്റ്റാറ്റ്യൂട്ടറി ലിക്വഡിറ്റി റേഷ്യോയും കേന്ദ്ര സർക്കാർ വർദ്ധിപ്പിച്ചതിനാൽ സഹകരണ വായ്പയുടെ ലഭ്യതയിൽ വൻകുറവുണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ ബാങ്കുകളുടെ സി.ആർ.ആർ., എസ്.എൽ.ആർ. റേഷ്യോ വാണിജ്യ ബാങ്കുകൾക്ക് സമാനമാകുന്നതിനാൽ റിസർവ് ബാങ്ക് കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് സഹകരണ ബാങ്കുകളും സി.ആർ.ആർ., എസ്.എൽ.ആർ. കരുതലുകൾ സൂക്ഷിക്കേണ്ടതായി വരുകയും ആയത് വായ്പാ വിതരണത്തിനുള്ള തുകയിൽ കുറവ് വരുന്നതിനും വായ്പാ വിതരണത്തിൽ കുറവ് വരാനിടയുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇപ്പോൾ നിക്ഷേപത്തിന്റെ എത്ര ശതമാനമാണ് വായ്പയായി നൽകുന്നത്; വർദ്ധന അനുസരിച്ച് നൽകാവുന്നത് എത്ര ശതമാനമാണ്;

(സി) നിലവിലുള്ള സി.ആർ.ആർ. 3%, എസ്.എൽ.ആർ. 25% ആകയാൽ സഹകരണ ബാങ്കുകൾക്ക് നിക്ഷേപത്തിന്റെ 72% വരെ വായ്പയായി വിതരണം ചെയ്യാൻ കഴിയുന്നു. നിർദ്ദിഷ്ട നിയമ ഭേദഗതി അനുസരിച്ച് സി.ആർ.ആർ, നിലവിലുള്ള 3% ൽ നിന്നും 6% ആകുകയും എസ്.എൽ.ആർ. ഇപ്പോഴുള്ള 25% ൽ നിന്നും 40% വരെ ആക്കണമെന്ന സാഹചര്യത്തിൽ വായ്പാ വിതരണത്തിനുള്ള പണ ലഭ്യത കുറയാൻ ഇടയാകുകയും നിക്ഷേപത്തിന്റെ 54% വരെ ആകാനും ഇടയുണ്ട്.

| | | |
|---|---|---|
| (ഡി) | ഏറ്റവും ഒടുവിലത്തെ ലഭ്യമായ കണക്കുകളുടെയടിസ്ഥാനത്തിൽ സഹകരണ മേഖലയിലെ മൊത്തം നിക്ഷേപം എത്ര കോടി രൂപയാണ്? | (ഡി) 31.08.2011 ൽ സഹകരണ മേഖലയിൽ 69540.21 കോടി രൂപയുടെ നിക്ഷേപം ഉണ്ട്. |

സെക്ഷൻ ഓഫീസർ